• അനാട്ടമി, ഫിസിയോളജി മുതലായ മെഡിക്കൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് മെഡിക്കൽ ബിരുദധാരികൾ ആണ്. കുട്ടികളുടെ നിലവാരമനുസരിച്ച് ക്ലാസ്സ് എടുക്കുന്നതിന് ഇത് തടസ്സമാകുന്നു.

എന്നാൽ രണ്ടാംവർഷം മുതൽ കുട്ടികൾ പഠന രീതിയുമായി പൊരുത്തപ്പെടുന്നതിനാൽ അവരുടെ റിസൾട്ട് മെച്ചപ്പെട്ടിട്ടുണ്ട്.

ആരോഗ്യ സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ ഈ വിഷയം ചർച്ചചെയ്യുകയും അദ്ധ്യാപന നിലവാരം ഉയർത്തുന്നതിന് ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടത്തുന്നതിന് തീരുമാനം എടുത്തിട്ടുമുണ്ട്. അക്കാദമിക് സ്റ്റാഫ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ട്. അദ്ധ്യാപകർക്ക് ഇൻസ്പെക്ഷൻ ഫലപ്രദമായ രീതിയിൽ നടത്തുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്.

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ അദ്ധ്യാപകരുടെ യോഗ്യതകൾ പരിശോധിച്ച് അക്രഡിറ്റേഷൻ നൽകുന്നതിന് ഗവേണിംഗ് കൗൺസിൽ തീരുമാനപ്രകാരം കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രഗ്സ് സ്റ്റഡീസിന്റെ പഠനം

24 (*654) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രഗ്സ് സ്റ്റഡീസ്(കിഡ്സ്) എപ്പോഴാണ് ആരംഭിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്നു വെളിപ്പെടുത്തുമോ ;

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാനും ഇവയുടെ ഉപയോഗം, വിതരണം എന്നിവയെക്കുറിച്ച് പഠിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ.എം.എസ്.സി.എൽ. വിതരണം ചെയ്യുന്ന മരുന്നുകളുടെ നിലവാരത്തെ കുറിച്ച് കിഡ്സ് നടത്തിയ പഠനത്തിന്റെ വിശദാംശം നൽകാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ കിഡ്സ് എന്ന സ്ഥാപനം 16-1-2013-ന് പ്രവർത്തനം ആരംഭിച്ചു.

(ബി) ഇല്ല. പ്രവർത്തനം തുടങ്ങി ഒരുവർഷം കഴിഞ്ഞിട്ടും യാതൊരു പഠനറിപ്പോർട്ടും സമർപ്പിക്കാത്തതിനാൽ അധിക ബാധ്യത ഒഴിവാക്കാനായി കിഡ്സിന്റെ പ്രവർത്തനം നിർത്തുകയും സർക്കാരിന് അധികബാധ്യത ഉണ്ടാകാത്തരീതിയിൽ ഫാർമസി ഡിപ്പാർട്ടുമെന്റ് മുഖേന പ്രസ്തുത പഠനം നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു.

(സി) 2014-15 സാമ്പത്തിക വർഷത്തെ കോർപ്പറേഷന്റെ ടെണ്ടർ വ്യവസ്ഥപ്രകാരം കോർപ്പറേഷന്റെ ജില്ലാ വെയർഹൗസുകളിൽ ശേഖരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഓരോ ബാച്ചും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ഉള്ള മരുന്നു പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാര സർട്ടിഫിക്കറ്റ് നൽകണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ കോർപ്പറേഷൻ വെയർഹൗസുകളിൽ എത്തിച്ചേരുന്ന മരുന്നുകളുടെ 10 ശതമാനം സാമ്പിളുകൾ റാണ്ടമായി ശേഖരിച്ച് കോർപ്പറേഷൻ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇതിനുപുറമെ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പും സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ഫാർമസി ഡിപ്പാർട്ടുമെന്റ് മുഖേന മരുന്നുകളുടെ ഉപയോഗം, വിതരണം എന്നിവയെക്കുറിച്ച് പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) കെ.എം.എസ്.സി.എൽ. വിതരണം ചെയ്യുന്ന മരുന്നുകളുടെ നിലവാരം സംബന്ധിച്ച് കിഡ്സ് പഠനം നടത്തിയിട്ടില്ല.

പമ്പ, അച്ചൻകോവിൽ, വൈപ്പാർ സംയോജനപദ്ധതി

25 (*655) ശ്രീ. എ. എം. ആരിഫ് :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം തമിഴ്നാട് നദീസംയോജനത്തിനായി സമ്മർദ്ദം ചെലുത്തുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ ; എങ്കിൽ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly